നമ്പർ: എൻ.ഇ.പി(3)/72518/2016/ഡിപിഐ

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി :25.08.2016

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിലെ ഐസിടി സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിലെ ഐസിടി പഠന പ്രവർത്തനങ്ങൾ, ഐസിറ്റി സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ഐസിടി പഠനപ്രവർത്തനങ്ങളിൽ അധ്യാപകരേയും വിദ്യാർത്ഥികളേയും കൂടുതൽ സജ്ജരാക്കുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. ഓരോ സ്കൂളിനും ആവശ്യമായ ഉപകരണങ്ങളുടെയും സൗകര്യങ്ങളുടേയും ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്കൂളുകളിൽ നിലവിലുള്ള സൗകര്യങ്ങളുടെ സ്ഥിതിവിവര കണക്ക് ആവശ്യമാണ്. ഇതിനായി സ്കൂളുകളിൽ നിന്നും നേരിട്ട് ഓൺലൈൻ വഴി ഐസിടി അധിഷ്ഠിത പ്രവർത്തനങ്ങളുടെയും ഐസിടി ഉപകരണങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓരോ സ്കൂളിന്റേയും വിശദാംശങ്ങൾ അതത് സ്കൂൾ ഐ.ടി കോർഡിനേറ്റർ www.itschool.gov.in എന്ന വെബ്സൈറ്റിൽ 'school survey' എന്ന ലിങ്കിൽ സമ്പൂർണ്ണയുടെ യൂസർനെയിമും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് 2016 ആഗസ്റ്റ് 31 - നകം രേഖപ്പെടുത്തേണ്ടതാണ്.
2. സ്കൂൾ ഐ.ടി കോർഡിനേറ്റർ ഓൺലൈനിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് അതത് സ്കൂൾ ഹെഡ്മാസ്റ്ററുടെ ഉത്തരവാദിത്വമാണ്. ആയതിനാൽ ഹെഡ്മാസ്റ്റർ വിശദാംശങ്ങൾ പരിശോധിക്കേണ്ടതാണ്.
3. ഓൺലൈനിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ ഏതെങ്കിലും വിധത്തിലുള്ള കൃത്യവിലോപം ഉണ്ടായാൽ അത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതും സ്കൂൾ ഹെഡ്മാസ്റ്റർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.
4. വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കേണ്ടതാണ്.

എ) ഐസിടി ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത
ബി) പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ ഉപകരണങ്ങളുടെ വിവരങ്ങൾ
സി) മൾട്ടിമീഡിയ ക്ലാസ്മുറികളുടെ ഉപയോഗം
ഡി) ഇന്റർനെറ്റ് ഉപയോഗം

5. സർവേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ പ്രത്യേക ഐ.ടി. ഓഡിറ്റിന് വിധേയമായിരിക്കുന്നതാണ്.

സമയബന്ധിതമായി ടി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട സ്കൂൾ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:-
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി @ സ്കൂൾ പ്രോജക്ട്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ